**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഹെൽമെറ്റിന്റെ ഗുണമേന്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇരുചക്രവാഹനാപകടങ്ങളിൽപ്പെടുന്നവർ ഹെൽമെറ്റ് ധരിച്ചിട്ടും അവരുടെ തലയോട്ടിക്ക് ഗുരുതരമായി പരിക്കേൽക്കുന്നുവെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹെൽമെറ്റിന്റെ ഗുണമേന്മ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (എ) | ഉണ്ട്. ഇരുചക്ര വാഹനം ഉപയോഗിക്കുന്നവരും പിന്നിൽ യാത്ര ചെയ്യുന്നവരും ISI/BIS മുദ്രയുള്ള ഹെൽമെറ്റാണ് ഉപയോഗിക്കേണ്ടത്. അപ്രകാരമുള്ള ഹെൽമെറ്റ് ധരിക്കുന്നതു വഴി ഒരു പരിധി വരെ അപകടങ്ങൾ വഴിയുള്ള ആഘാതം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഗുണനിലവാരം കുറഞ്ഞ ഹെൽമെറ്റ് ഉപയോഗിക്കുന്നതും ചിൻസ്ട്രാപ്പ് ശരിയായ രീതിയിൽ ഉറപ്പിക്കാത്തതും അപകടസമയത്ത് തലയ്ക്ക് കടുത്ത ആഘാതമേൽപ്പിക്കുന്നുണ്ട്. ഇപ്രകാരം യാത്ര ചെയ്യുന്നവരെ ഗതാഗത പരിശോധന വേളയിൽ കണ്ടെത്തിയാൽ അവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. ഗുണനിലവാരമുള്ള ഹെൽമെറ്റ് ഉപയോഗിക്കേണ്ടതിന്റെയും ഹെൽമെറ്റ് ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച്, മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും നവമാധ്യമങ്ങളിലൂടെയും മറ്റ് മീഡിയകൾ വഴിയും ബോധവത്കരണം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ